# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട്

## കരട് രേഖ

**31.03.2023**

**എറണാകുളം ജില്ലയിൽ കോട്ടുവള്ളി–ചെമ്മായം പാലം പുനർനിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ**

**അർത്ഥനാധികാരി**

എക്സിക്ക്യൂട്ടീവ് എഞ്ചിനീയർ,

പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), എറണാകുളം

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

**ഭാരത മാത സ്ക്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത മാത കോളേജ്, തൃക്കാക്കര, എറണാകുളം**

## ഉള്ളടക്കം


അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം

അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ

അദ്ധ്യായം 3 : പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

അദ്ധ്യായം 4 : സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

അദ്ധ്യായം 5 : ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനഃസ്ഥാപന പ്രദേശവും)

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

അദ്ധ്യായം 9 : സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

അദ്ധ്യായം10 :സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി-മേൽനോട്ടവും മൂല്യനിർണ്ണയവും

അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

## പട്ടികകൾ


പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

പട്ടിക 4.1 കൈവശഭൂമിയുടെ അളവും ഉടമസ്ഥതയുടെ രീതിയും

പട്ടിക 6.1 പദ്ധതി ബാധിത ജനങ്ങളുടെ പ്രായം തിരിച്ചുള്ള വിതരണം

പട്ടിക 6.2. പദ്ധതി ബാധിത വ്യക്തികളുടെ വിദ്യാഭ്യാസ നിലവാരം

പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം


## ചിത്രങ്ങൾ


ചിത്രം 4.1 നിർദ്ദിഷ്ട പദ്ധതി പ്രദേശം

## അദ്ധ്യായം 1

## പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

പറവൂർ നിയമസഭ മണ്ഡലത്തിലെ കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിൽ ആണ് നിലവിലെ കോട്ടുവള്ളി-ചെമ്മായം നടപ്പാലം സ്ഥിതി ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്താണ് ഈ നടപ്പാലം പണി കഴിപ്പിച്ച് 2001 ൽ ഉത്ഘാടനം ചെയ്തത്. ആഗസ്റ്റ് 2018 ലെ പ്രളയത്തെ തുടർന്ന് നടപ്പാലത്തിന് കേടുപാട് സംഭവിക്കുകയും ഈ പാലത്തിൻെറ 8 തൂണുകളും ഒഴുകിപ്പോവുകയും ചെയ്തു.ആയതിനാൽ പാലം ഗതാഗതത്തിന് അനുയോജ്യമല്ലാതാവുകയും ഇത് പുനർ നിർമ്മിക്കേണ്ടത് ആവശ്യമായി വന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവണ്മെൻറിൻെറ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിഞ്ജാപനം നമ്പർ 13/6/2009-INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മാണ പദ്ധതി അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിൻെറ പരിധിയിൽ വരുന്നതാണ്.

### 1.2.സ്ഥലം

പദ്ധതി പ്രദേശം എറണാകുളം ജില്ലയിലെ കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിലെ വാർഡ് 17 ൽ ഉൾപ്പെടുന്നു.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

പദ്ധതി പ്രദേശം പറവൂർ താലൂക്കിലെ കോട്ടുവള്ളി വില്ലേജിൽ ഉൾപ്പെടുന്നു. മൊത്തം 16.68 ആർസ് ഭൂമിയാണ് ഈ പദ്ധതിക്കായി എറ്റെടുക്കേണ്ടി വരുന്നത്.

ഈ പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ഭൂരിഭാഗവും സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിയാണ്. ഏറ്റെടുക്കുന്ന ഭൂമി പുരയിടം, നിലം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി ഏറ്റവും കുറവ് ഭൂമി ഏറ്റെടുക്കുന്ന

രീതിയിലാണ് അലൈൻമെൻറ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ പദ്ധതി പ്രദേശത്ത് ആൾത്താമസമുള്ള വീടുകളും കുറവാണ്

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിലവിലുള്ള പാലത്തിൻെറ പുനർനിർമ്മാണം ആയതിനാൽ ഇതര മാർഗ്ഗങ്ങൾ പരിഗണിക്കുന്നതിൽ പ്രസക്തിയില്ല.

### 1.5.സാമൂഹ്യ പ്രത്യാഘാതങ്ങൾ

എറണാകുളം ജില്ലയിലെ കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നു.

- കോട്ടുവള്ളി വില്ലേജിൻെറ പരിധിയിൽ വരുന്ന 18 ഭൂവുടമകളുടെ കുടുംബങ്ങളാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നത്.
- നിലവിലെ അലൈൻമെൻറ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഒരു ഭൂവുടമ യുടെ വീട് പൂർണ്ണമായും നഷ്ടപ്പെടും.
- പതിമൂന്ന് കുടുംബങ്ങളുടെ ഭൂമിയുടെ ചുറ്റുമതിൽ പൊളിച്ച് മാറ്റപ്പെടുകയും ഒരു കുടുംബത്തിൻെറ ഗേറ്റും നഷ്ടപ്പെടും.
- മൂന്ന് ഭൂവുടമകളുടെ കൃഷി ഭൂമി നഷ്ടപ്പെടും.
- മൂന്ന് കുടുംബങ്ങളുടെ മുഖ്യ ജീവനോപാധി നഷ്ടപ്പെടും.
- ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ രണ്ട് കുടുംബങ്ങളുടെ ചീനവല കെട്ടുവാൻ സാധിക്കാതെ വരും.
- ഒരു കുടുംബം നടത്തിക്കൊണ്ടിരിക്കുന്ന പൗൾട്രി ഫാം നഷ്ടപ്പെടും.

### 1.6. ലഘൂകരണ നടപടികൾ

പദ്ധതിപ്രദേശം സന്ദർശിച്ചതിലൂടെയും, വിവരങ്ങൾ ശേഖരിച്ചതിലൂടെയും, പദ്ധതിയുടെ ആഘാത ബാധിത കുടുംബങ്ങളും തൽപ്പരകക്ഷികളുമായുള്ള അഭിമുഖങ്ങളേയും അടിസ്ഥാനമാക്കി താഴെ പറയുന്ന ദുരീകരണ നടപടികൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- പദ്ധതി പ്രദേശത്ത് നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിച്ചുകൊണ്ട് വേഗത്തിലുള്ള പുനരധിവാസ നടപടികൾ നടപ്പിലാക്കുക.
- പദ്ധതിമൂലം ഉപജീവനം നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ അത് പുനഃസ്ഥാപിക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുക.
- പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ നഷ്ടപ്പെടുന്ന ചമയങ്ങൾക്കും നഷ്ടപരിഹാരം നൽകുക.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിലവിൽ വരുമ്പോഴും ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗം നഷ്ടപ്പെടാത്ത രീതിയിൽ ബദൽ സംവിധാനം ചെയ്യുക.

## അദ്ധ്യായം 2

## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം

പറവൂർ നിയമസഭ മണ്ഡലത്തിലെ കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിൽ ആണ് നിലവിലെ കോട്ടുവള്ളി-ചെമ്മായം നടപ്പാലം സ്ഥിതി ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്താണ് ഈ നടപ്പാലം പണി കഴിപ്പിച്ച് 2001 ൽ ഉത്ഘാടനം ചെയ്തത്. ആഗസ്റ്റ് 2018 ലെ പ്രളയത്തെ തുടർന്ന് നടപ്പാലത്തിന് കേടുപാട് സംഭവിക്കുകയും ഈ പാലത്തിൻെറ 8 തൂണുകളും ഒഴുകിപ്പോവുകയും ചെയ്തു.ആയതിനാൽ ഈ പാലം ഗതാഗതതിന അനുയോജ്യമല്ലാതാവുകയും പാലം പുനർ നിർമ്മിക്കേണ്ടത് ആവശ്യമായി വന്നു.

കോട്ടുവള്ളി കായലിന് കുറുകെയുള്ള നിർദ്ദിഷ്ട കോട്ടുവള്ളി-ചെമ്മായം പാലം നിർമ്മാണ പദ്ധതി 2018-2019 ബജറ്റിൽ 20 ശതമാനം (160 ലക്ഷം രൂപ- പേജ് നമ്പർ 57 ൽ ക്രമ നമ്പർ 1385) വ്യവസ്ഥ ചെയ്ത് ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 31.12.2020 ലെ സർക്കാർ ഉത്തരവ് നമ്പർ, GO (Rt) No. 1036/2020/PWD പ്രകാരം 1742 ലക്ഷം രൂപക്കുള്ള ഭ
രണാനുമതി ലഭിച്ചിട്ടുള്ളതാണ്, പുതുക്കിയ ഭരണാനുമതി സർക്കാർ ഉത്തരവ് നമ്പർ GO (Rt) No. 345/2022/PWD പ്രകാരം
1874 ലക്ഷം രൂപക്കുള്ള ഭരണാനുമതി ലഭിച്ചു. GST യുടെ താരിഫിൽ വന്ന മാറ്റത്തെ തുടർന്ന് ഈ പദ്ധതിക്ക് 1964 ലക്ഷം രൂപക്കുള്ള ഭരണാനുമതിക്കായി കാത്തിരിക്കുകയാണ്.

### 2.1.1 പദ്ധതി നടപ്പിലാക്കുന്ന ഏജൻസി

എക്സിക്യ്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), എറണാകുളം ആണ് പദ്ധതിയുടെ അർത്ഥനാധികാരി.

### 2.1.1(b) ഭൂമി ഏറ്റെടുക്കൽ അധികാരി

നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി സ്പെഷ്യൽ തഹസിൽദാർ. കിയ, നെടുമ്പാശ്ശേരി, എറണാകുളം ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഉത്തരവാദിത്തം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

**2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവണ്മെൻറിൻെറ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിഞ്ജാപനം നമ്പർ 13/6/2009-INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മാണം അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിൻെറ പരിധിയിൽ വരുന്നതാണ്.

**2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ**

നോർത്ത് പറവൂർ താലൂക്കിലെ കോട്ടുവള്ളി വില്ലേജിലെ 16.68 ആർസ് ഭൂമിയാണ് ഈ പദ്ധതിക്കുവേണ്ടി എറ്റെടുക്കേണ്ടി വരുന്നത്. പദ്ധതിക്കാവശ്യമായ ഭൂമി മാത്രമാണ് ഏറ്റെടുക്കലിനായി പദ്ധതി പ്രദേശത്ത് മാർക്ക് ചെയ്തിരിക്കുന്നതെന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. ഈ പദ്ധതിക്കായി ചിലവ് കണക്കാക്കിയിരിക്കുന്നത് 19.64 കോടി രൂപയാണ്. ഇതിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര തുകയയായ 2 കോടി രൂപയും ഉൾപ്പെടുന്നു.

**2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

നിലവിലുള്ള പാലത്തിൻെറ പുനർനിർമ്മാണം ആയതിനാൽ ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കുന്നതിൽ പ്രസക്തിയില്ല.

**2.5. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

നിർദ്ദിഷ്ട പാലത്തിന് 215.90 മീറ്റർ നീളവും 26X3, 25.7X2, 12.5 X9 എന്നീ അളവുകളിലുള്ള 13 സ്പാനുകളും, 5.30 മീറ്റർ വീതിയുള്ള ക്യാര്യേജ് വേയും 1.5 മീറ്റർ വീതിയിൽ ഒരു വശത്ത് നടപ്പാതയും ഉണ്ട്. ബോട്ട് സർവ്വീസിന് തടസ്സം

വരാത്ത രീതിയിൽ OFL ൽ നിന്നും മുകളിലേക്ക് 6 മീറ്റർ ക്ലിയറൻസ് നൽകിയിട്ടുണ്ട്. 50 മീറ്റർ നീളത്തിൽ കൂനമ്മാവ് ഭാഗത്തേക്കും 60 മീറ്റർ നീളത്തിൽ കോട്ടുവള്ളി ഭാഗത്തേക്കും പാലത്തിന്റെ അനുബന്ധ റോഡ് ഈ പദ്ധതിയിൽ രൂപകൽപന ചെയ്തിട്ടുണ്ട്.

**2.5 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത**

ബാധകമല്ല

**2.6. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മറ്റ് സാമൂഹ്യ/പാരിസ്ഥിതിക പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളൊന്നും നടന്നിട്ടില്ല. പദ്ധതിക്ക് വേണ്ടി മണ്ണ് പരിശോധന നടത്തുകയും പാലത്തിന്റെ ഘടനാപരമായ ഡിസൈൻ ചെയ്തത് DRIQ ആണെന്ന് പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നു.

**2.7. ബാധകമായ നിയമങ്ങളും നയങ്ങളും**

ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015.
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

# അദ്ധ്യായം 3

## പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) 4-ാം വകുപ്പ് 1-ാം ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം (എസ്.ഐ.എ) നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം എറണാകുളം ജില്ലയിലെ കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭരത മാത കോളേജ് തൃക്കാക്കരയെ ചുമതലപ്പെടുത്തിയിരിക്കുന്നു. (അവലംബം: 27.02.2023 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 701)

### 3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരേയും മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്കു നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിൻെറ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത, പദവി |
|---|---|---|
| 1 | ശ്രീമതി.ഡോ. ഷീന രാജൻ ഫിലിപ്പ് | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി ചെയർപേഴ്സൺ, എസ്.ഐ.എ യൂണിറ്റ് |
| 2 | ശ്രീമതി.പിൻസി ജേക്കബ് | എം.എസ്.ഡബ്ല്യൂ പ്രോജക്ട് കോർഡിനേറ്റർ |
| 3 | ശ്രീമതി.ഡോ. എൽസ മേരി ജേക്കബ് | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി, റിസേർച്ച് അസ്സോസിയേറ്റ് |
| 4 | ശ്രീ.സൂരജ്.എം.വി | എം.എസ്.ഡബ്ല്യൂ, റിസേർച്ച് അസ്സോസിയേറ്റ് |
| 5 | ശ്രീ.ഡോ.രേഷ്മ. കെ.എസ് | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി, റിസേർച്ച് അസ്സോസിയേറ്റ് |
| 6 | ശ്രീ.ടോണി.എം.ടോം | എം.എസ്.ഡബ്ല്യൂ, റിസേർച്ച് അസ്സിസ്റ്റൻറ് |
| 7 | ശ്രീ.ഷാർമിൻ ജോസ് വൈ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |
| 8 | ശ്രീമതി.ഡെൽറ്റി ജോസഫ് | എം.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |
| 9 | ശ്രീമതി. ഗായത്രി.എ.എസ്. | എം.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |

**3.2 പഠനത്തിനുപയോഗിച്ച പദ്ധതി ശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും**

പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിക്കുകയും ഭൂമി ഏറ്റെടുക്കൽ കല്ലിൻെറ വിന്യാസ പ്രകാരം പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കി. വിവര ശേഖരണത്തിൻെറ ഭാഗമായി പദ്ധതി ബാധിത ജനങ്ങളുടെ

ഇടയിൽ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുകയും ചെയ്തു. പദ്ധതിയെ കുറിച്ച് പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളുമായി ചർച്ച ചെയ്തു. നിർദ്ദിഷ്ട പദ്ധതിയുടെ വിവരങ്ങൾ പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം, നോർത്ത് പറവൂർ ഡിവിഷൻ, എറണാകുളം നിന്നും ശേഖരിച്ചു. ഈ രീതിയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്താണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖയും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കിയത്.

### 3.3 പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതി ഓരോ കുടുംബത്തേയും വ്യത്യസ്ത രീതിയിൽ ബാധിക്കുന്നതിനാൽ സെൻസസ് രീതിയിലുള്ള വിവരശേഖരണമാണ് പഠനത്തിനായി സ്വീകരിച്ചത്. ആയതിനാൽ പദ്ധതി പ്രദേശത്ത് ലഭ്യമായ പദ്ധതി ബാധിതമാകുന്ന മുഴുവൻ കുടുംബങ്ങളേയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തി.

### 3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

പ്രാഥമിക വിവരങ്ങളേയും ദ്വിതീയ വിവരങ്ങളേയും ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിത ഭൂവുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. റവന്യൂ വകുപ്പിൽനിന്നും ലഭിച്ച ഭൂരേഖകളും പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം, നോർത്ത് പറവൂർ ഡിവിഷൻ, എറണാകുളം നിന്നും പദ്ധതിയെ സമ്പന്ധിച്ച് ലഭിച്ച വിവരങ്ങളുമാണ് ദ്വിതീയ ഉറവിടങ്ങൾ.

### 3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിംഗിനെനെക്കുറിച്ചുള്ള വിവരണവും

**പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ**

| തീയതി | പ്രവർത്തനങ്ങൾ |
|---|---|
| 27.02.2023 | ഗസറ്റ് വിഞ്ജാപനം 4(1) |
| 03.03.2023<br>04.03.2023 | സാമുഹ്യ-സാമ്പത്തിക വിവരശേഖരണം, പ്രാദേശിക സ്വയംഭരണ പ്രതിനിധിയുമായി കൂടിക്കാഴ്ച |
| 27.03.2023 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം |
| 11.04.2023 | പബ്ലിക് ഹിയറിംഗ് |

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013, 5-ാം വകുപ്പ് പ്രകാരം പദ്ധതി ബാധിത പ്രദേശത്ത് ഒരു പൊതു ഹിയറിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ വ്യവസ്ഥയ്ക്ക് അനുസൃതമായി ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുന:സ്ഥാപന നിയമങ്ങൾ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടിയുള്ള കേരള ചട്ടങ്ങൾ 2015, സെക്ഷൻ 14 പ്രകാരം വ്യക്തമാക്കിയ പൊതു ഹിയറിംഗിന്റെ വിശദമായ നടപടിക്രമങ്ങൾക്കനുസൃതമായി, 2023 ഏപ്രിൽ 11 ന് രാവിലെ 10.30 മണിക്ക് ഗവൺമെന്റ് യു.പി.സ്കൂൾ, കോട്ടുവള്ളിയിൽ വച്ച് കോട്ടുവള്ളി വില്ലേജിന്റെ പരിധിയിൽ വരുന്ന പദ്ധതി ബാധിത കുടുംബങ്ങൾക്ക് വേണ്ടി പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പ്രസ്തുത പബ്ലിക് ഹിയറിംഗ് സംബന്ധിച്ച പത്ര വിജ്ഞാപനം വീക്ഷണം, ദീപിക എന്നീ രണ്ട് മലയാള ദിനപത്രങ്ങളിൽ നൽകി.. കൂടാതെ ഭൂവുടമകൾക്ക് നേരിട്ടും ഫോണിലൂടേയും അറിയിപ്പ് നൽകുകയും ചെയ്തു.

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യനിർണ്ണയം

## 4.1.ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

പറവൂർ താലൂക്കിലെ കോട്ടുവള്ളി വില്ലേജിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. ഇത് കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിൻെറ വാർഡ് 17 ൽ ഉൾപ്പെടുന്നു. പറവൂർ താലൂക്കിലെ കോട്ടുവള്ളി വില്ലേജിൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം..കോട്ടുവള്ളി വില്ലേജ് സ്ഥിതി ചെയ്യുന്നത് പറവൂർ താലൂക്കിൻെറ തെക്ക് ഭാഗത്താണ്. ഈ ഗ്രാമത്തിൽ നിന്നും ഏകദേശം 4 കിലോ മീറ്റർ മാറിയാണ് എറ്റവും അടുത്തുള്ള നഗരമായ പറവൂർ സ്ഥിതി ചെയ്യുന്നത്. ദേശീയപാത 66 ൻെറ ഇരു വശങ്ങളിലായി പരന്ന് കിടക്കുന്നതാണ് കോട്ടുവള്ളി..




ചിത്രം 4.1 നിർദ്ദിഷ്ട പദ്ധതി പ്രദേശം

## .4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിതമാകുന്ന ഭൂവുടമകൾക്കും പദ്ധതി പ്രദേശത്തെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾക്കും ഭൂമി നഷ്ടപ്പെടൽ, വാസയോഗ്യമായ വീട് നഷ്ടപ്പെടൽ, കൃഷി

നഷ്ടപ്പെടുന്നതുമൂലം വരുമാനം നഷ്ടപ്പെടൽ തുടങ്ങിയ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ നിന്നും മനസ്സിലാകുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന കല്ലുകളുടെ വിന്യാസ പ്രകാരവും, പ്രദേശത്തുനിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരവും കോട്ടുവള്ളി വില്ലേജിൻെറ പരിധിയിൽ വരുന്ന 18 ഭൂവുടമകളുടെ കുടുംബങ്ങളാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നത്. പദ്ധതി പ്രദേശത്ത് ലഭ്യമല്ലാത്ത 3 ഭൂവുടമകളുടെ വിവരങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. നിലവിലെ അലൈൻമെൻറ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ം ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ വിശദമായി താഴെ നൽകിയിട്ടുണ്ട്.

- കോട്ടുവള്ളി വില്ലേജിൻെറ പരിധിയിൽ വരുന്ന 18 ഭൂവുടമകളുടെ കുടുംബങ്ങളാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നത്.
- നിലവിലെ അലൈൻമെൻറ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഒരു ഭൂവുടമ യുടെ വീട് പൂർണ്ണമായും നഷ്ടപ്പെടും.
- പതിമൂന്ന് കുടുംബങ്ങളുടെ ഭൂമിയുടെ ചുറ്റുമതിൽ പൊളിച്ച് മാറ്റപ്പെടുകയും ഒരു കുടുംബത്തിൻെറ ഗേറ്റും നഷ്ടപ്പെടും.
- മൂന്ന് ഭൂവുടമകളുടെ കൃഷി ഭൂമി നഷ്ടപ്പെടും.
- മൂന്ന് കുടുംബങ്ങളുടെ മുഖ്യ ജീവനോപാധി നഷ്ടപ്പെടും.
- ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ രണ്ട് കുടുംബങ്ങളുടെ ചീനവല കെട്ടുവാൻ സാധിക്കാതെ വരും.
- ഒരു കുടുംബം നടത്തിക്കൊണ്ടിരിക്കുന്ന പൗൾട്രി ഫാം നഷ്ടപ്പെടും.

**4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

പദ്ധതി പ്രദേശം പറവൂർ താലൂക്കിലെ കോട്ടുവള്ളി വില്ലേജിൽ ഉൾപ്പെടുന്നു. മൊത്തം 16.68 ആർസ് ഭൂമിയാണ് ഈ പദ്ധതിക്കായി എറ്റെടുക്കേണ്ടി വരുന്നത്.

**4.4.പദ്ധതി ബാധിത പ്രദേശത്ത് മുന്നേ വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതിയ്ക്കുവേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പാട്ടത്തിത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

എറണാകുളം ജില്ലയിലെ പറവൂർ നഗരത്തിൽ നിന്നും ഏകദേശം 4 കിലോ മീറ്റർ മാറിയാണ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്. കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിൻെറ വാർഡ് 17 ൽ ഉൾപ്പെടുന്ന വസ്തുവകകളാണ് പദ്ധതിക്കായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി ഭൂമി നിലം, പുരയിടം എന്നീ തരങ്ങളിൽ ഉൾപ്പെടുന്നു.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ മൊത്തം 9 സർവ്വേ നമ്പറുകളിൽപ്പെടുന്ന ഭൂമി "പുരയിടം" വിഭാഗത്തിലും 6 സർവ്വേ നമ്പറുകളിൽപ്പെടുന്ന ഭൂമി "നിലം" വിഭാഗത്തിലും ഉൾപ്പെടുന്നു.

**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

പദ്ധതി പ്രദേശത്ത് ലഭ്യമായ ഭൂവുടമകളിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം എറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി ഭൂരിഭാഗവും സ്വകാര്യ ഉടമസ്ഥതയിൽ ഉൾപ്പെടുന്നുവെന്ന് മനസ്സിലാക്കുന്നു.. പദ്ധതി പ്രദേശത്ത് താമസിക്കുന്ന 4 കുടുംബങ്ങൾ ഉണ്ട്.

**4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമികൈമാറ്റവും, വിലയും, ഉപയോഗവും**

വിവരദാതാക്കളിൽ നിന്നു ലഭിച്ച വിവരങ്ങൾ പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഒരു ഭൂമിയുടെ ഉടമസ്ഥാവകാശ കൈമാറ്റം നടന്നിട്ടുണ്ട്

**പട്ടിക.4.1.പദ്ധതിബാധിത പ്രദേശത്തെ വസ്തുവകകളുടെ ഉപയോഗം**

| ക്രമ നമ്പർ | ഉപയോഗം | എണ്ണം |
|---|---|---|
| 1 | വീടും പുരയിടവും | **4** |
| 2 | തുറസ്സായ ഭൂമി | **4** |
| 3 | വീട്, ചീനവല | **1** |
| 4 | തുറസ്സായ ഭൂമി, ചീനവല | **1** |
| 5 | നിലം | **3** |
| 6 | പൗൾട്രി ഫാം | **1** |
| | മൊത്തം | **15** |

പദ്ധതി ബാധിത പ്രദേശത്ത് വീടും പുരയിടവുമായി ഉപയോഗിക്കുന്നവർ 4 ഉം, തുറസ്സായ ഭൂമി ഏറ്റെടുക്കപ്പെടുന്നത് 4 എണ്ണമാണ്. ഏറ്റെടുക്കപ്പെടുന്ന ഭൂമി കൃഷിക്കായി ഉപയോഗിക്കുന്നത് 3 കുടുംബങ്ങൾ ആണ്. ഒരു ഭൂമിയിൽ പൗൾട്രി ഫാം നടത്തികൊണ്ടിരിക്കുന്ന ഒരു ഭൂമിയും ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ഉൾപ്പെടുന്നു. താമസത്തിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു ഭൂമിയിലും തുറസ്സായ മറ്റൊരു ഭൂമിയിലും ചീനവല സ്ഥാപിച്ചിട്ടുണ്ട്.

# അദ്ധ്യായം 5

## ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

എറണാകുളം ജില്ലയിൽ കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മിക്കുന്നതിന് വേണ്ടി കോട്ടുവള്ളി വില്ലേജിൽ നിന്നും 16.68 ആർ ഭൂമി ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ചെയ്തിട്ടുള്ള സർവ്വേ നമ്പറുകളിലുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

#### 5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

ഏറണാകുളം ജില്ലയിലെ കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മിക്കുന്നതിന് വേണ്ടി കോട്ടുവള്ളി വില്ലേജിൽ നിന്നും 16.68 ആർസ് ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ പ്രത്യക്ഷ ആഘാത ബാധിതരാകുന്നത് കോട്ടുവള്ളി വില്ലേജിലെ ഭൂവുടമകൾ ആണ്. മൊത്തം 18 ഭൂവുടമകൾ ആണ് പദ്ധതി ബാധിതമാകുന്നത്. ഇതിൽ 3 ഭൂവുടമകളെ നേരിട്ട് കാണുവാൻ സാധിച്ചിട്ടില്ല. പദ്ധതി ബാധിതരാകുന്നവരുടെ വിശദാംശങ്ങൾ പട്ടിക 5.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1 പദ്ധതിയുടെ പ്രത്യക്ഷാഘാത ബാധിതർ**

| ക്രമ നമ്പർ | ഭൂവുടമയുടെ പേര്, മേൽവിലാസം | സർവ്വേ നമ്പർ |
|---|---|---|
| 1 | ജോർജ്.കെ.എസ്. കളത്തിപറമ്പിൽ ഹൗസ്, കോട്ടുവള്ളി വില്ലേജ്, കൈതാരം.പി.ഒ | 160/3 |
| 2 | ബാബു ജോർജ്, മഴുവഞ്ചേരി ഹൗസെ, പുത്തൻപള്ളി, വരപ്പുഴ. | 160/36 |
| 3 | ഡിനു ടെല്ലസ്, കല്ലൂർ ഹൗസ്, കൂനമ്മാവ്.പി.ഒ | 348/11, 348/12 |
| 4 | ഗിഗറി സെബാസ്റ്റ്യൻ, കളത്തിപ്പറമ്പിൽ ഹൗസ്, കോട്ടുവള്ളി | 160/3 |
| 5 | ഡോ.സാബിൻ വിശ്വനാഥ്, കൈലാസം, പുളിമുകൾ റോഡ്, തൃക്കാക്കര | |
| 6 | ബ്ലുവെറ്റ് ചാണിപ്പറമ്പിൽ,ഫോൺ: 9349298978 റോഡ്, | 158/5 A, 158/ 5B |
| 7 | രതീഷ് ആൻറണി, കല്ലൂർ | 158/5A, 158/ 5B |

| | | |
|---|---|---|
| 8 | ലൗലി സ്റ്റാൻലി, കുരിശ്ശിങ്കൽ ഹൗസ് | |
| 9 | ജിത്ത് സെബാസ്റ്റ്യൻ, ആലയ്ക്കാത്തറ ഹൗസ് | |
| 10 | ജോസഫ്, കല്ലൂർ ഹൗസ് | |
| 11 | ജയ് മോൻ, കല്ലൂർ ഹൗസ്, | |
| 12 | സൈനുദീൻ, ആഷിയാന ഹൗസ് | |
| 13 | കുഞ്ഞച്ചൻ.കെ.ജെ, കല്ലൂർ ഹൗസ് | |
| 14 | ജെറോം ജോസഫ് | |
| 15 | ബിജോയ് ജോസഫ്, പള്ളിപ്പാട്ട് ഹൗസ് | 158/6B2 |

5.1.2 **പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാകുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം:**

ആഘാതബാധിതരാകുന്ന 14 കുടുംബങ്ങൾ ഒ.ബി.സി വിഭാഗത്തിലും, ഒരു കുടുംബം പൊതു വിഭാഗത്തിലും ഉൾപ്പെടുന്നു.

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പദ്ധതി പ്രദേശത്ത് പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തിയിട്ടില്ല.

**5.3. പൊതു വിഭവങ്ങൾ ആഘാത ബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല

**5.4 കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്നത് നഗര പ്രദേശം അല്ല.

**5.6. മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാധമിക ജീവനോപാധിയായി ആശ്രയിക്കുന്ന മൂന്ന് കുടുംബങ്ങൾ ഉണ്ട്.

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

ഭൂമി ഏറ്റെടുക്കുന്ന പ്രദേശത്തെ കൃഷിയിടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടും. ഇവർ ഈ പദ്ധതിയുടെ പരോക്ഷാഘാത ബാധിതർ ആണ്.

**5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ നഷ്ടപ്പെടുന്നവയുടെ വിശദാംശങ്ങൾ താഴെ കാണിച്ചിരിക്കുന്നു,

**പട്ടിക 5.2. പദ്ധതി മൂലം നഷ്ടപ്പെടുന്നവയുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | പദ്ധതി മൂലം നഷ്ടപ്പെടുന്നത് | എണ്ണം |
|---|---|---|
| 1 | മതിൽ | 13 |
| 2 | ഗേറ്റ് | 1 |
| 3 | വീട് | 1 |
| 4 | ചീനവല | 2 |
| 5 | പൗൾട്രി ഫാം | 1 |
| 6 | കൃഷി ഭൂമി | 3 |

# അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനസ്ഥാപന പ്രദേശവും)

## 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതി ബാധിതമാകുന്ന 15 കുടുംബങ്ങളിൽ ഉൾപ്പെട്ട 60 വ്യക്തികളെ എസ്.ഐ.എ സംഘം കണ്ടെത്തി. 31 പുരുഷന്മാരും 29 സ്ത്രീകളും അടങ്ങുന്നതാണ് പദ്ധതി ബാധിതമാകുന്ന ജനസംഖ്യ. പദ്ധതി ബാധിതമാകുന കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ താഴെ വിശകലനം ചെയ്യുന്നു.

**പട്ടിക 6.1 പദ്ധതി ബാധിത ജനങ്ങളുടെ പ്രായം തിരിച്ചുള്ള വിതരണം**

| പ്രായം | എണ്ണം |
|---|---|
| 0 – 5 വയസ്സ് | 3 |
| 5 – 12 വയസ്സ് | 2 |
| 12– 18 വയസ്സ് | 8 |
| 18 – 35 വയസ്സ് | 13 |
| 35 – 45 വയസ്സ് | 9 |
| 45– 60 വയസ്സ് | 12 |
| 60 വയസ്സിനു മുകളിൽ | 13 |
| **ആകെ** | **60** |

**പട്ടിക 6.2. പദ്ധതി ബാധിത വ്യക്തികളുടെ വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസം | എണ്ണം |
|---|---|
| 1-4 ക്ലാസ്സ് | 4 |
| 5-7 ക്ലാസ്സ് | 3 |
| 8-10 ക്ലാസ്സ് | 10 |
| പ്ലസ് ടു | 9 |

| | |
|---|---|
| ബിരുദം | 20 |
| പ്രൊഫെഷണൽ | 9 |
| ടെക്നിക്കൽ | 2 |
| **ആകെ** | **57** |

**6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും**

പൊതു വിതരണ സംവിധാനമനുസരിച്ചുള്ള തരംതിരിവിന്റെ അടിസ്ഥാനത്തിൽ ആഘാത ബാധിത കുടുംബങ്ങൾക്ക് ലഭ്യമായിരിക്കുന്ന റേഷൻ കാർഡിന്റെ നിറം ഏതാണെന്ന് വിവരിക്കുന്നു. 6 കുടുംബങ്ങൾക്ക് വെള്ള നിറത്തിലുള്ള റേഷൻ കാർഡും 7 കുടുംബങ്ങൾക്ക് നീല നിറത്തിലുള്ള റേഷൻ കാർഡും 2 കുടുംബങ്ങൾക്ക് പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുമാണ് ലഭ്യമായിരിക്കുന്നത്.

**6.3 ദുർബ്ബലജനവിഭാഗം**

18 വയസ്സിന്ന് താഴെയുള്ള കുട്ടികളും 60 വസിനു മുകളിലുള്ള വൃദ്ധരും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു. 18 വയസിനു താഴെയുള്ള 3 കുട്ടികളും 18 പേർ 60 വയസ്സിനു മുകളിൽ ഉള്ളവരുമാണ്.

**6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും**

പദ്ധതി ബാധിത പ്രദേശത്ത് വീടും പുരയിടവുമായി ഉപയോഗിക്കുന്നവർ 5 കുടുംബങ്ങളും കൃഷിക്കായി ഉപയോഗിക്കുന്നത് 3 കുടുംബങ്ങളും വീടും ചീന വലക്കുമയി ഉപയോഗിക്കുന്നത് ഒരു കുടുംബവുമാണ്. ചീന വല കെട്ടുന്നതിനായി മാത്രം ഉപയോഗിക്കുന്നത് ഒരു കുടുംബവും, പൗൾട്രി ഫാമിനായി ഉപയോഗിക്കുന്നത് ഒരു കുടുംബവും ആണ്. തുറസ്സായ ഭൂമി ഏറ്റെടുക്കപ്പെടുന്നത് 3 എണ്ണമാണ്.

**6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന 3 ഭൂവുടമകളുടെ ഭൂമി കൃഷിക്കായി ഉപയോഗിക്കപ്പെടുന്നവയാണ്. കൃഷിയിൽ നിന്നുമുള്ള വരുമാനം ഭൂവുടമകൾക്ക് നഷ്ടപ്പെടും. പദ്ധതി പ്രദേശത്ത് ഒരു പൗൾട്രി ഫാം നടത്തുന്നുണ്ട്. ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ ആ കുടുംബത്തിന്റെ മുഖ്യ വരുമാന മാർഗ്ഗം നഷ്ടപ്പെടും.

**6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ 3 കുടുംബങ്ങളുടെ കൃഷിയെ ബാധിക്കുന്നുണ്ട്. അതിനാൽ ഭൂവുടമൾക്ക് കൃഷിയിൽ നിന്നുള്ള വരുമാനം കുറയും. ഒരു കുടുംബത്തിന്റെ പൗൾട്രി ഫാം, ചീനവല എന്നിവ നഷ്ടപ്പെടും.ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ 3 കുടുംബങ്ങളുടെ മുഖ്യ വരുമാന മാർഗ്ഗം നഷ്ടപ്പെടും. പദ്ധതി പ്രദേശത്തുള്ള ഭൂരിഭാഗവും കുടുംബങ്ങൾ വിദ്യാഭ്യാസ പരമായി വളരെ മുന്നിലാണ്. വിവിധ ഉദ്യോഗങ്ങളിൽ ഏർപ്പെട്ട് വരുമാനം കണ്ടെത്തുന്നവരാണ്.

**6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതി ബാധിത കുടുംബങ്ങളിൽ 14 എണ്ണം അണുകുടുംബങ്ങളാണ്. സാംസ്കാരിക സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടുന്നില്ല

**6.8 ഭരണ സംഘടനകൾ**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ഭരണ സംഘടനകൾ ഒന്നും തന്നെ പദ്ധതിബാധിതമാകുന്നില്ല.

**6.9 രാഷ്ട്രീയ സംഘടനകൾ**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം രാഷ്ട്രീയ സംഘടകൾ ഒന്നും തന്നെ പദ്ധതിബാധിതമാകുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകളൊന്നും പദ്ധതിബാധിതമാകുന്നില്ല.

## അദ്ധ്യായം 7

## സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമുഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ തിരിച്ചറിയുകയും പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹ്യ പ്രത്യാഘാത വിപരീതഫലങ്ങൾ ലഘൂകരരിക്കുന്നതിനുള്ള നടപടികൾ മുൻപോട്ട് വയ്ക്കുക എന്നിവയാണ് എസ്.ഐ.എ.യുടെ ലക്ഷ്യങ്ങൾ. കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിൻെറയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും ഭൂവുടമകളിൽ നിന്നും പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. ഇതിലൂടെ ലഭിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

### 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മിക്കുന്നതിന് എറണാകുളം ജില്ലയിലെ കോട്ടുവള്ളി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോഴുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ കുറക്കുന്നതിന് തഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച

ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- പദ്ധതി പ്രദേശത്ത് നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിച്ചുകൊണ്ട് വേഗത്തിലുള്ള പുനരധിവാസ നടപടികൾ നടപ്പിലാക്കുക.
- പദ്ധതിമൂലം ഉപജീവനം നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ അത് പുനഃസ്ഥാപിക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുക.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിലവിൽ വരുമ്പോഴും ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗം നഷ്ടപ്പെടാത്ത രീതിയിൽ ബദൽ സംവിധാനം ചെയ്യുക.

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യു ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ പുറപ്പെടുവിച്ച G.O.(MS) No.485/2015/RD പ്രകാരവും 29/12/2017 തീയതിയിൽ പുറപ്പെടുവിച്ച G.O.(MS) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനരധിവാസ-പുന:സ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ബാധകമാണ്.

### 7.4. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതി രേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 2 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്..

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ഇല്ല.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017ന് പുറപ്പെടുവിച്ച വിഞ്ജാപനം G.O (Ms) No.448/2017/RD പ്രകാരം കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

**പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

| ക്രമ നമ്പർ | പ്രത്യാഘാതം | പ്രത്യാഘാത നിയന്ത്രണം | സമയക്രമം |
|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തി നും സുതാര്യതയ്ക്കും പുനഃരധി വാ |
| 2 | കെട്ടിടങ്ങൾ ഉൾപ്പെടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | |

| | | | |
|---|---|---|---|
| 3 | ഉപജീവനമാർഗ്ഗം/ വരുമാനം നഷ്ടമാകൽ | നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കരിൻെറ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ–പുൻ:സ്ഥാപന പാക്കേജ് നൽകുക | സത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം. |
| 4 | കൃഷി ഭൂമി നഷ്ടപ്പെടൽ | RFCTLARR നിയമം 2013 പ്രകാരവും കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | |
| 5 | കുടുംബങ്ങളുടെ മാറ്റിപാർപ്പിക്കൽ | 29/12/2017 തീയതിയിലെ കേരള സർക്കാരിൻെറ പോളിസി പ്രകാരം നഷ്ടപരിഹാരം/ പുന:സ്ഥാപനം നൽകുക. | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട് 2013 പ്രകാരമുള്ള സമയക്രമം. |
| 6 | പ്രവേശനമാർഗ്ഗം തടസ്സമാകൽ | പദ്ധതിമൂലം വസ്തുവകകളിലേക്കുള്ള പ്രവേശനമാർഗ്ഗം തടസ്സപ്പെടുന്ന കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിലേക്ക് രോഡിൽ നിന്നും നേരിട്ടുള്ള പ്രവേശനം സാധ്യമാക്കുന്നതിന് ബദൽ സംവിധാനം ചെയ്യുക. | നിർമ്മാണ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| 7 | നിർമ്മാണ വേളയിലുള്ള മാലിന്യ രൂപീകരണപ്രശ്നങ്ങൾ. | പദ്ധതി നിർവ്വഹണ ഏജൻസി നടപടികൾ നടപ്പിലാക്കുക. | നിർമ്മാണത്തിൻെറ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |

**7.7 സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കമെന്ന് ഉറപ്പ് നൽകാത്ത നടപടികളും**

ബാധകമല്ല.

# അദ്ധ്യായം 8

## സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

### 8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരളത്തിലെ RFCTLARR ചട്ടങ്ങൾ 2015, ഗവൺമെൻറ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാപന ഘടനകളേയും ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കപ്പെടുന്ന ദുരിത ബാധിതരായ കുടുംബങ്ങൾക്ക് പുനരധിവാസ-പുന:സ്ഥാപന പദ്ധതി തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം സംസ്ഥാന സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്ററാണെന്ന് RFCTLARR ആക്റ്റ്, 2013 നിർവ്വചിക്കുന്നു. പുനരധിവാസ-പുന:സ്ഥാപന പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉചിതമായ സർക്കാരിൻെറയും പുനരധിവാസ കമ്മീഷണറുടേയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും. കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മാണ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കലിനായി നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ എറണാകുളം ജില്ലയുടെ ഡെപ്യൂട്ടി കളക്ടർ (എൽ.എ, ജനറൽ) ആണ്.

പുനരധിവാസ, പുന:സ്ഥാപന പദ്ധതികളുടെ മേൽനോട്ടത്തിനും, വിലയിരുത്തലിനുമായി പദ്ധതി തലത്തിൽ ഒരു പുനരധിവാസ, പുന:സ്ഥാപന കമ്മിറ്റിയുടെ രൂപീകരണത്തിന് RFCTLARR ആക്റ്റ്, 2013 ൻെറ 45-ാം വകുപ്പും, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015 ലെ ചട്ടം 23 ഉം ശുപാർശ ചെയ്യുന്നു. 23/09/2015 ന് പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) നമ്പർ.485/2015ആർഡി പ്രകാരമുള്ള കേരള സംസ്ഥാന നയം അനുസരിച്ച് ഭൂമി ഏറ്റെടുക്കലിൻെറ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി ജില്ലാ തലത്തിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ

കമ്മിറ്റിക്കാണ് പുനരധിവാസ-പുന:സ്ഥാപന പ്രവർത്തനങ്ങളുടെ നിരീക്ഷണ ഉത്തരവാദിത്തം:

- ജില്ലാ കളക്ടർ
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അധികാരി
- ഭൂമി ഏറ്റെടുക്കൽ അധികാരി
- ധനകാര്യ ഓഫീസർ
- ധനകാര്യ തീരുമാനങ്ങളെടുക്കുന്നതിനുള്ള അർത്ഥനാധികാരിയുടെ പ്രതിനിധി
- പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങളിലെ പ്രതിനിധികൾ

**8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

ഓരോ പ്രവർത്തനവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം അനുസരിച്ചായിരിക്കും.

## അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലിനായി 2 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

നിർദ്ദിഷ്ട ഭൂമി എറ്റെടുക്കലിനുവേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്ന അഡ്മിനിസ്ട്രേറ്ററാണ് വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും തയ്യാറാക്കേണ്ടത്

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

കേരള സർക്കാരിന്റെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

നിലവിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രധാന സൂചികകൾ താഴെ പറയുന്നു:

- പുനരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും എടുക്കുന്ന സമയം.
- പദ്ധതി ആഘാത കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക സമയാധിഷ്ടിതമായി നൽകൽ
- സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

## 10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

സ്വതന്ത്രമായ ഒരു വിലയിരുത്തലും വിഭാവനം ചെയ്യുന്നില്ല. RFCTLARR Act, 2013 പ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥർ പ്രക്രിയ വിലയിരുത്തും.

## അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം.**

റോഡുകൾ, പാലങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം രാജ്യത്തിന്റെ വിക്സനത്തിന് അത്യന്താപേക്ഷിതമാണ്. പറവൂർ നിയമസഭ മണ്ടലത്തിലെ കോട്ടുവള്ളി ഗ്രാമ പഞ്ചായത്തിൽ ആണ് നിലവിലെ കോട്ടുവള്ളി-ചെമ്മായം നടപ്പാലം സ്ഥിതി ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്താണ് ഈ നടപ്പാലം പണി കഴിപ്പിച്ച് 2001 ൽ ഉത്ഘാടനം ചെയ്തത്. ആഗസ്റ്റ് 2018 ലെ പ്രളയത്തെ തുടർന്ന് നടപ്പാലത്തിന് കേടുപാട് സംഭവിക്കുകയും ഈ പാലത്തിന്റെ 8 തൂണുകളും ഒഴുകിപ്പോവുകയും ചെയ്തു.ആയതിനാൽ പാലം ഗതാഗതത്തിന് അനുയോജ്യമല്ലാതാവുകയും ഇത് പുനർ നിർമ്മിക്കേണ്ടത് ആവശ്യമായി വന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവണ്മെൻറിന്റെ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിഞ്ജാപനം നമ്പർ 13/6/2009-INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മാണ പദ്ധതി അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണ്.

നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള നിയമം 2013 വകുപ്പ് 2(b)(i) പ്രകാരം ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

**നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുന്നതുമൂലം ഉണ്ടകാനിടയുള്ള പ്രത്യാഘാതങ്ങൾ:**

എറണാകുളം ജില്ലയിലെ കോട്ടുവള്ളി-ചെമ്മായം പാലം പുനർ നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നു.

- കോട്ടുവള്ളി വില്ലേജിന്റെ പരിധിയിൽ വരുന്ന 18 ഭൂവുടമകളുടെ കുടുംബങ്ങളാണ് ഈ പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്നത്.
- നിലവിലെ അലൈൻമെൻറ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഒരു ഭൂവുടമ യുടെ വീട് പൂർണ്ണമായും നഷ്ടപ്പെടും.
- പതിമൂന്ന് കുടുംബങ്ങളുടെ ഭൂമിയുടെ ചുറ്റുമതിൽ പൊളിച്ച് മാറ്റപ്പെടുകയും ഒരു കുടുംബത്തിന്റെ ഗേറ്റും നഷ്ടപ്പെടും.
- മൂന്ന് ഭൂവുടമകളുടെ കൃഷി ഭൂമി നഷ്ടപ്പെടും.
- മൂന്ന് കുടുംബങ്ങളുടെ മുഖ്യ ജീവനോപാധി നഷ്ടപ്പെടും.
- ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ രണ്ട് കുടുംബങ്ങളുടെ ചീനവല കെട്ടുവാൻ സാധിക്കാതെ വരും.
- ഒരു കുടുംബം നടത്തിക്കൊണ്ടിരിക്കുന്ന പൗൾട്രി ഫാം നഷ്ടപ്പെടും.

**താഴെ വിവരിക്കുന്ന ശുപാർശകൾ പദ്ധതിയുടെ ആഘാതം ദുരീകരിക്കുന്നതിന് പഠന സംഘം നിർദ്ദേശിക്കുന്നു.**

➢ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവണ്മെൻറ് പുറപ്പെടുവിച്ച

ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുന:സ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- പദ്ധതി പ്രദേശത്ത് നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിച്ചുകൊണ്ട് വേഗത്തിലുള്ള പുനരധിവാസ നടപടികൾ നടപ്പിലാക്കുക.
- പദ്ധതിമൂലം ഉപജീവനം നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ അത് പുനഃസ്ഥാപിക്കുന്നതിനുള്ള നഷ്ടപരിഹാരം നൽകുക.
- പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ നഷ്ടപ്പെടുന്ന ചമയങ്ങൾക്കും നഷ്ടപരിഹാരം നൽകുക.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിലവിൽ വരുമ്പോഴും ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗം നഷ്ടപ്പെടാത്ത രീതിയിൽ ബദൽ സംവിധാനം ചെയ്യുക.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

എറണാകുളം ജില്ലയിൽ കോട്ടുവള്ളി വില്ലേജിൽ കോട്ടുവള്ളി-ചെമ്മായം പാലം പുനർനിർമ്മാണത്തിനായി ഏകദേശം 16.68 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി മൂലം 18 ഭൂവുടമകൾക്ക് വിവിധ തരത്തിലൂള്ള നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ കോട്ടുവള്ളി ഗ്രാമത്തിൻെറ വികസനത്തിനും ഇവിടെയുള്ള ജനങ്ങളുടെ ഗതാഗത സൗകര്യം മെച്ചപ്പെടുന്നതിനും സഹായകമാകും എന്നതിനാൽ പ്രദേശവാസികൾക്കും പദ്ധതി ബാധിത കുടുംബങ്ങളിൽ ഭൂരിഭാഗം കുടുംബങ്ങൾക്കും പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളതെന്ന് പഠന സംഘം മനസ്സിലാക്കുന്നു. കൂടതെ ഈ പദ്ധതിക്കായി ഏറ്റവും കുറവ് ഭൂമിയാണ് ഏറ്റെടുക്കുന്നതെന്ന് പഠന സംഘം വിലയിരുത്തുന്നു. മുകളിലെ

കണ്ടെത്തലുകളുടെ വെളിച്ചത്തിലും പദ്ധതിയുടെ ഗുണങ്ങളും ദോഷങ്ങളും തുലനം ചെയ്തതിനുശേഷവും ഈ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രത്യാഘാത ദുരീകരണ നടപടികൾ യഥാവിധം നടപ്പിലാക്കിയാൽ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ ഇതിന്റെ വിപരീത പ്രത്യാഘാതങ്ങളേക്കാൾ കുടുതലായിരിക്കുമെന്ന നിഗമനത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഏകകണ്ഠമായി എത്തിച്ചേരുന്നു. ആയതിനാൽ എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ കോട്ടുവള്ളി വില്ലേജിൽ നിന്ന് കോട്ടുവള്ളി-ചെമ്മായം പാലം ത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.